പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

7.T

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.* 361** 15.07.2015-ലെ മറുപടിക്ക്

## മെഡിക്കൽ കോളേജ് പ്രവേശനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.വി.രാജേഷ്<br>ശ്രീ.കെ.രാധാകൃഷ്ണൻ<br>ശ്രീ.ആർ.രാജേഷ്<br>ശ്രീ.എ.പ്രദീപ്കുമാർ | (ശ്രീ. വി.എസ്. ശിവകുമാർ<br>ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ-സ്വാശ്രയ മേഖലകളിലെ മെഡിക്കൽ കോളേജുകളിൽ ഈ വർഷം എത്ര പേർക്ക് പ്രവേശനം നൽകുവാനാണ് തീരുമാനിച്ചിരുന്നതെന്ന് പറയാമോ; | (എ) 2015-ലെ പ്രോസ്പെക്ടസ് പ്രകാരം സർക്കാർ മേഖലയിൽ 1250 സീറ്റുകളും സ്വാശ്രയ മേഖലയിൽ 1700 സീറ്റുകളിലും പ്രവേശനം നടത്താൻ ഉദ്ദേശിക്കുന്നു. |
| (ബി) പുതുതായി പ്രഖ്യാപിച്ച മെഡിക്കൽ കോളേജുകളിൽ ഈ വർഷം പ്രവേശനം നടത്തുവാൻ കഴിയുമോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ; | (ബി) തിരുവനന്തപുരം ജനറൽ ആശുപത്രി, കോന്നി എന്നീ സർക്കാർ മെഡിക്കൽ കോളേജുകൾക്ക് അനുമതി ലഭിക്കുന്നതിനായി വേണ്ട അടിസ്ഥാന സൗകര്യങ്ങളും തസ്തികകളും മറ്റും ഒരുക്കുകയും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരത്തിനായി അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ കൗൺസിലിന്റെ പരിശോധന പൂർത്തിയായി അനുമതിപത്രം ലഭിക്കുന്ന മുറയ്ക്ക് ഈ വർഷം പ്രവേശനം നടത്തുവാൻ കഴിയുന്നതാണ്. |
| (സി) സ്വാശ്രയ മേഖലയിൽ മെരിറ്റിൽ പ്രവേശനം നടത്തേണ്ട 550 സീറ്റുകളിലും പ്രവേശനത്തിന് മെഡിക്കൽ കൗൺസിലിന്റെ അനുവാദം ലഭിച്ചിട്ടുണ്ടോ; | (സി) ഈ വർഷം 15 സ്വാശ്രയ മെഡിക്കൽ കോളേജുകളിലായി 850 സീറ്റുകളിൽ സർക്കാർ മെരിറ്റിൽ പ്രവേശനം നടത്തുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ 6 സ്വാശ്രയ മെഡിക്കൽ കോളേജുകൾക്ക് ഇന്ത്യൻ മെഡിക്കൽ കൗൺസിൽ തുടർ പരിശോധന നടത്തി അംഗീകാരം നൽകിയിട്ടില്ല. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മേൽ സ്വാശ്രയ കോളേജുകളിലെ സർക്കാർ മെരിറ്റ് സീറ്റുകളിലും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അലോട്ട്മെന്റ് നടത്തുവാൻ കഴിയുന്നതാണ്. |
| (ഡി) സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കി സീറ്റുകൾ നഷ്ടപ്പെടാതെ പ്രവേശനം നടത്തുവാൻ നടപടി സ്വീകരിക്കുമോ ? | (ഡി) സർക്കാർ മേഖലയിലെ എല്ലാ മെഡിക്കൽ കോളേജുകളിലും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുകയും ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം നേടുകയും ചെയ്തിട്ടുണ്ട്. സർക്കാർ മേഖലയിൽ എം.ബി.ബി.എസ് സീറ്റുകൾ ഒന്നും തന്നെ നഷ്ടപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ